# പ്രതികരണങ്ങൾ — 25



പ്രതികരണങ്ങൾ — 25
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Evening scene with full moon and persons, a painting by Abraham Pether (1756–1812). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## ഷാഹിന, ഇ. കെ.: അവനവൾ

**തോമസ് ഏബ്രഹാം:** ഷാഹിന, ഇ. കെ.-യുടെ കഥ വായിച്ചു. വളെരെ കാലങ്ങൾ ആയി കഥകൾ വായിക്കാറില്ല.

വിവരണങ്ങൾ കഥ അല്ലെന്നാണ് കരുതുന്നതു്. വിവരണങ്ങൾ കഥക്ക് ഉള്ളിലെ കഥ അനാവരണം ചെയ്യുന്നതായി എനിക്ക് തോന്നിയില്ല. ഒരു പണ്ഡിതൻ അല്ലാത്ത സാധാരണക്കാരൻ ആയതു് കൊണ്ടാവാം.

## കെ. ദാമോദരൻ: ശ്രീശങ്കരൻ ഹെഗൽ മാർക്സ്

**രാജൻ പട്ടതോൾ:** ശങ്കരനെയും ഹെഗലിനെയും ഹർബാകിനെയെയും ലളിതമായി പരിചയപ്പെടുത്തുന്നു. നന്ദി.

**കെ. സച്ചിദാനന്ദൻ:** വൻമതിൽ കാണും മുമ്പാണ് അതിനായി നടന്ന ബലിയെക്കുറിച്ച് ഞാൻ 'വടക്കൻപാട്ട്' എഴുതിയത്. പിന്നെ അതു കണ്ടു, ഒരു തവണയല്ല, മൂന്നു തവണ—സഹയാത്രികർ വേറെ വേറെയായിരുന്നതിനാൽ പോകേണ്ടി വന്നതാണ്. സമ്രാട്ടുകളുടെ അധികാരത്തിന്റെയും ജനങ്ങളുടെ ബലികളുടെയും അനന്ത സ്മാരകം. പിന്നെ പല മതിലുകളും കണ്ടു. ബെർലിൻ മതിലിന്റെ അവശിഷ്ടമുൾപ്പെടെ. കെ. ജി. എസ്സിന്റെ സന്ദർശന വിവരണം കഥയും കവിതയും ചേർന്നതു്, കണ്ണീരും ചോരയും പോലെ. മലയാളത്തിൽ നാം മഹത്തായ മതിൽ എന്നു വിളിക്കാത്തതു നന്നായി—വൻമതിൽ. 'വൻ' പൊങ്ങച്ചത്തിന്റെ സൂചകം. vain എന്നാവും ആംഗലപ്പെരുമ. നന്ദി ഈ യാത്രാസ്മരണയ്ക്ക്. ഇതും ഒരു സ്മാരകം.

**ടി. ആർ. വേണുഗോപാലൻ:** യാത്രാനുഭവങ്ങളിലെ ദൃശ്യവിസ്തൃതി.

കെ. ജി. എസ്സിന്റെ 'വലുത് വിസ്മയം' വെറുമൊരു യാത്രാവിവരണമല്ല, മറിച്ച്, യാത്രാനുഭവങ്ങളുടെ സാംസ്കാരിക ആവിഷ്കാരവും കാവ്യബിംബങ്ങളുടെ ചുരുക്കെഴുത്തുമാണ്. വൻമതിൽ ഒരു കാഴ്ച മാത്രമല്ല, ബിംബമാണ്, പ്രതിരോധവുമാണ്. ചൈനക്കാർ ലോകത്തെ കാണാൻ ശ്രമിച്ചിട്ടുള്ളത്, ഈ മതിലിനകത്തു നിന്നാണ്, ബൌദ്ധികമായും സാംസ്കാരികമായും. അനേകരുടെ ജീവൻ ബലിയായിട്ടുള്ളതിനാൽ 'ചൈനയുടെ ഏറ്റവും വലിയ പാപശാല'യും 'ബലികടീര'വുമാണിത്. വൻമതിൽ, 'അത്ഭുതമായിരിക്കെത്തന്നെ കരുണവും ശാന്തവും ക്രൂരവും' ആണെന്നും കെ. ജി. എസ്. തിരിച്ചറിയുന്നു. വൻമതിലില്ലെങ്കിൽ തങ്ങളില്ലെന്ന ചൈനീസ് പാഠമാണതു സന്ദർശകർക്ക് നൽകുന്നത്.

ഇരുപത്തോരായിരം കിലോമീറ്ററിലേറെ നീളമുണ്ട് വൻമതിലിന്. പാറയും ഇഷ്ടികയും 'ചരിത്രവും കെട്ടുകഥയും ഭയവും കരുത്തും കൊടും ക്രൂരതയും...' കൊണ്ട് കെട്ടിപ്പടുത്ത വൻമതിൽ, 'പല രാജവംശങ്ങളുടെ പല നൂറ്റാണ്ടുകളിലെ ജനപീഡനത്തിന്റെ സ്മാരകം'. ബി. സി. രണ്ടാം നൂറ്റാണ്ടുമുതൽ 'ചീനർക്കുണ്ട് മതിൽക്കഥകളുടെ പെരും കൃഷി.' അന്ധവിശ്വാസവും ഭാവനയും ചാലിച്ച നാടോടിക്കഥകൾ അവർക്കുണ്ട്. ജിയായുഗ്വാൻ ചുരത്തിന് ഈപേർ വന്നതു തന്നെ, വൻമതിൽ നിർമ്മാണത്തിന് രാജകിങ്കരന്മാർ വലിച്ചിഴച്ചുകൊണ്ടുപോയ തന്റെ ഭർത്താവിന്റെ മരണവും തുടർന്ന് ഭാര്യ ജിയാങ്ങ്നൂവിന്റെ ജീവത്യാഗവുമാണെന്ന് ചൈനീസ് പുരാവൃത്തം.

ചൈനയിൽ വന്മതിൽ ഒരേ സമയം പൈതൃകമായും ലോകാത്ഭുതമായും കൊണ്ടാടുമ്പോൾ തന്നെ 'പിഴുതെറിയൂ ജീവനൂറ്റുന്ന രാക്ഷസ ഇത്തിളിനെയെന്ന്' കൺഫ്യൂഷ്യസിന്റെ ശിഷ്യന്മാർ തിരിച്ചറിയുന്നുണ്ട്. 'മതിൽ വിരുദ്ധരും മതിൽ ഭക്തരുമായി ചൈനക്കാർ അകമേ അകന്ന' എന്നു നിരീക്ഷിക്കുന്ന കെ. ജി. എസ്, 'നിർമ്മിക്കുന്നതിനേക്കാൾ പാടാണ് ചിലതു പൊളിച്ചു കളയാൻ' എന്ന ചരിത്രസത്യവും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ യാത്രാനുഭവത്തിൽ ബഷീറും കാഫ്കയും അംബേദ്കറുമെല്ലാം വിവിധ സാംസ്കാരിക രൂപകങ്ങളായി പ്രത്യക്ഷപ്പെടുന്നുണ്ട്. 'വിഭജനത്തിന്റെ കല്ലുഭാഷയായ്'. കാഫ്കയും 'ഏകദൈവം അദ്വൈതം' എന്നിവ നിരവധി 'മതിൽക്കെട്ടുകൾ ചേർത്ത് മെടഞ്ഞതെന്നോർത്ത്' അംബേദ്കറും.

ബാദലിങ്ങിൽ ചെന്നപ്പോളുള്ള മഴക്കാഴ്ച അതിമനോഹരം. പുതിയതും പഴയതുമെന്നും ഇന്ത്യൻ മഴയെന്നും ചൈനീസ് മഴയെന്നുമുള്ള മഴപ്പെരുമ സാധാരണ യാത്രാനുഭവങ്ങളിൽ ആരും നിരീക്ഷിച്ചു കണ്ടിട്ടില്ല, കെ. ജി. എസ്സല്ലാതെ. 'മഴയല്ലാതൊരു കാഴ്ചയില്ല മഴയിൽ. ഇന്ത്യയിലായാലും ചൈനയിലായാലും. മറ്റെല്ലാം മറക്കും മഴ. പെയ്തൊടുങ്ങും വരെ ആവുന്നത്ര തന്നെത്തന്നെ കാണിക്കുന്നൊരു ജീനിയസാണ് മഴ.' ഇപ്രകാരം മഴാനുഭവത്തെ യാത്രാനുഭവമായി നമ്മെ ബോധ്യപ്പെടുത്തുന്നത് കെ. ജി. എസ്. മാത്രം.

വൻമതിലിന്റെ വേറിട്ടുള്ളൊരു കാഴ്ചയാണ് ഈ യാത്രാനുഭവത്തിൽ ഉടനീളം. 'മറകുടിയാണ് മതിൽ, മതിൽക്കെട്ട്, കൺകെട്ട്. മറയ്ക്കാനുള്ള പറയലാണ് പല മതിലും. നുണപോലെ. പകുക്കാനും മറയ്ക്കാനും അകറ്റാനുമുള്ള ആവിഷ്കാരനിരോധനത്തിന്റെ വാസ്തുവിദ്യ. ഫ്യൂഡൽ മതിൽ, ഗ്ലോബൽ മതിൽ, തടവറ മതിൽ, ബെർലിൻ മതിൽ, ഏതു മതിലും... വിലക്കപ്പെട്ട നഗരത്തിന്റെ മതിലിലെ മാവോഫോട്ടോ പോലെ കാണിക്കുന്നതിനേക്കാളേറെ മറയ്ക്കുന്ന ഫോട്ടോ മഴ, ബിംബമഴ, മതിലായ മതിൽ നിറയെ.' ചൈനയിലെ പാർട്ടി സ്വേച്ഛാധിപത്യവും പുതിയ വൻമതിലെന്ന് കെ. ജി. എസ്. - തിരിച്ചറിയുന്നു.

കേബിൾകാർ കയറാൻ വേണ്ടി പടവുകൾ കയറുന്നതിനിടെ വൻമതിലിന്റെ ജൈവവൈവിദ്ധ്യം നമുക്കനുഭവിക്കാൻ കഴിയുന്നു. ഭീമാകാരത്തിന്റെ 'സാന്നിദ്ധ്യഗരിമ അറിയാതെ ഒരു പടിയും കയറാനാവില്ല. നൂറ്റാണ്ടുകളായി ഇതേ ഇരിപ്പാണ് കൽത്തുണ്ടുകൾ. പലതിനു ചുറ്റും വിടവ് കണ്ടു. വിടവ് പടർന്നുണ്ടായ വിള്ളൽ കണ്ടു. വിള്ളലിൽ ഉറുമ്പ്, വെള്ളക്കുറ, വണ്ട്, ഗൌളിഗണങ്ങളെ കണ്ടു. വരിവരിയായി ദീർഘയാത്രയിലേർപ്പെട്ടിരിക്കുന്ന ചെറുപ്രാണികളെ, കരിമൌനികളെ, കണ്ടു. കണ്ണീച്ചയുടെ കുഞ്ഞിച്ചിറകുകളുള്ള ചിലർ ഒരു കൽപ്പഴുതിനെ ചുറ്റിപ്പറക്കുന്നു. ഇതിലും ചെറിയ പറവകളെ ഒരാകാശത്തിനും കിട്ടില്ല. ഇതിലും ചെറിയ താമസക്കാരെ ഒരു ചുവരിനും കിട്ടാനില്ല.' തുടർന്ന് കെ. ജി. എസ്. ചെറു ചോദ്യങ്ങളിലൂടെ വൻ മതിലിനെ പുനർനിർവചിക്കുന്നു. മലയും കാടും വന്യതയും ഇണക്കി വൻമതിലിനെ അവർ (ചൈനക്കാർ) പ്രകൃതിയുടെ ജൈവവൈവിദ്ധ്യത്തിൽ ഉൾച്ചേർക്കുകയല്ലേ? അപനിർമ്മിക്കുകയല്ലേ? അവരെല്ലാംകൂടി എന്റെ മനസ്സിൽ നെയ്യുന്നത് വൻമതിലും ആ പരിസരവും അവരും തമ്മിലുള്ള ചിരസ്ഥായിയെ അല്ലേ? എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ വൻമതിലിനെ ചൈനയുടെ സാംസ്കാരികചരിത്രത്തിന്റെ ഭാഗമായി കാണാൻ വായനക്കാരനെ പ്രാപ്തനാക്കുന്നു, കെ. ജി. എസ്സിലെ സാംസ്കാരിക വിമർശകൻ. അവർ നിരസിക്കുന്നത് കാലങ്ങളായി ആവാസ ന്യായങ്ങളായി തന്നിലുള്ള മുൻധാരണകളെയല്ലേ എന്നദ്ദേഹം തിരിച്ചറിയുന്നു. വെറും യാത്രാ വിവരണങ്ങളല്ലാത്ത യാത്രാനുഭവങ്ങൾക്കേ ഇപ്രകാരം സ്വയം തിരുത്തുവാനും നവീകരിക്കാനും കഴിയൂ.

ചൈനക്കാർക്ക് വൻമതിൽ പെരിയ യുദ്ധസാമഗ്രി അല്ല. 'പ്രതിരോധദുർഗ്ഗമല്ല; അടിയിൽ അനേകായിരം എല്ലിൻകൂടുകൾ പാകിയ കുട്ടക്കല്ലറയല്ല; കോടാനുകോടി ജീവികൾ വസിക്കുന്ന കൂട്ടുകുടുംബം. അളവുകൾക്കതീതമായത്. ലോകാന്തര വ്യാപ്തിയുള്ളത്. ജീവന്റെ ഭാവിവസതിക്ക് ഞാനിനി പുതിയ വാസ്തു ഗണിക്കണമെ'ന്നുള്ള തിരിച്ചറിവാണ് വൻമതിൽ ആഖ്യാനത്തിന്റെ കെ. ജി. എസ്. തെളിമ. 'ആരും ആരേയും മുഴുവൻ കാണാത്തതു പോലെ, അറിയാത്തതുപോലെ, ഒന്നും മുഴുവൻ അനുഭവിക്കാത്തതു പോലെ ആരും കാണുന്നില്ല പൂർണ്ണവൻമതിൽ.' 'ആരുടെ ദർശനവും ഭാഗിക'മെന്ന ദാർശനിക കാഴ്ചാനുഭവവും വായനക്കാരന് പ്രദാനം ചെയ്യുന്ന കെ. ജി. എസ്സിൻ കണ്ണിലെ സാസ്കാരിക സൂക്ഷ്മദർശിനി.

**നന്ദിനി മേനോൻ:** പ്രതിരോധങ്ങൾ പ്രലോഭനങ്ങളാവുന്ന കാലം, മറകൾക്കുള്ളിലൊന്നും മറയ്ക്കാനില്ലാത്ത കാലം, അജൈവങ്ങളുടെ പാപമോചന കാലം, മുകളിൽ നിന്നുള്ള താഴ്ന്ന നോട്ടങ്ങളുടെ മായക്കാഴ്ചകൾ മായുന്ന കാലം... അതീവ വിസ്മയത്തോടെ വായിച്ചു, കെ. ജി. എസ്. സാറിന് നമസ്കാരം.

**കെ. വിനോദ് ചന്ദ്രൻ:** കെ. ജി. എസ്സിന്റെ മതിൽക്കാഴ്ചകൾ.

ഭരണകൂടത്തിന്റെ കലയും, ശാസ്ത്രവുമായ മതിലിനെ ചൈനീസ് വന്മതിലിന്റെ മുന്നിൽ നിന്ന് കൊണ്ട് വിചാരണചെയ്യുകയാണ് കെ. ജി. എസ്സിന്റെ യാത്രാക്കുറിപ്പുകൾ. വൻമതിലിന്റെ രഹസ്യപ്പൊരുളുകളഴിക്കുന്ന കാഫ്കയുടെ വിഖ്യാതമായ മതിൽ കഥയുടെ ('The Great Wall of China') തുടർച്ചയായി വേണം ഈ കുറിപ്പുകളെക്കാണാൻ. മതിലിന്റെ ഏകത്വവും മഹത്വവും ഒരു മിത്താണെന്നും അസമമായ നിരവധി ഖണ്ഡങ്ങൾ കൂട്ടിച്ചേർത്തതാണ് വന്മതിലെന്നും കാട്ടിക്കൊണ്ട് അതിന്റെ ഘടനാപരമായ ശൈഥില്യത്തെയും ഇടർച്ചകളെയും അനാവരണം ചെയ്യുന്ന കാഫ്കയുടെ കഥ. ബാബേൽ ഗോപുരം തകർന്നത് ദൈവത്തിന്റെ ഇടപെടൽകൊണ്ടല്ലെന്നും അതിന്റെ ഘടനാപരമായ വൈകല്യത്താലാണെന്നും മതിലുകളെ അടിത്തറയാക്കിക്കൊണ്ട് പൊളിയാത്ത (ഭരണകൂട മാതൃകയിലുള്ള) ഒരു ബാബേൽ ഗോപുരം സ്ഥാപിക്കുവാൻ കഴിയുമെന്നും അവകാശപ്പെടുന്ന ഒരു പ്രാദേശികപണ്ഡിതനെ കാഫ്ക അവതരിപ്പിക്കുന്നുണ്ട് ഈ കഥയിൽ. മതിലിനെ ദുരൂഹ സമസ്യയാക്കുന്നത് അധികാരത്തിന്റെ അസംബന്ധയുക്തികളാണെന്ന് ഈ കഥ സൂചിപ്പിക്കുന്നു.

കാഫ്കയുടെ മതിൽക്കഥകളെ പുനർവായിക്കുന്ന സന്ദർഭത്തിൽ ജോർഗെ ലൂയിസ് ബോർഗെസ് (The Wall and the Books) ചരിത്രപരമായ ഒരു വിരോധാഭാസത്തെ നമ്മുടെ ശ്രദ്ധയിൽക്കൊണ്ട് വരുന്നുണ്ട്: മതിൽനിർമ്മാണത്തിനു തുടക്കം കുറിക്കുന്നുവെന്ന് പറയപ്പെടുന്ന ആദ്യത്തെ ചിംഗ് ചക്രവർത്തി ഷി ഹ്വാങ്ചി തന്നെയാണ് ചൈനയിൽ അതേ വരെയുള്ള സർവ്വഗ്രന്ഥങ്ങളും ഗ്രന്ഥശാലകളും ചുട്ടു ചാമ്പലാക്കി ചരിത്ര(ക)പ്രസിദ്ധി നേടിയത് എന്ന വസ്തുത. സംഹാരത്തിന്റെയും നിർമ്മാണത്തിന്റെയും ഈ വിചിത്ര സംയോഗത്തെപ്പറ്റി തൃപ്തികരമായ ഒരു വിശദീകരണം നൽകുവാൻ പക്ഷേ, ബോർഗസ്സിനു കഴിയുന്നില്ല. ഗ്രന്ഥങ്ങളെ കത്തിക്കൽ, തീർച്ചയായും ചരിത്രത്തെ, ഓർമ്മയെ, പൊതുമയുടെ അനുഭവങ്ങളെ, സംസ്കാരത്തെ കത്തിക്കലായിരുന്നു. ലോകചരിത്രത്തിലെ ആദ്യത്തെ ചക്രവർത്തിയാണ് താനെന്നും ഭരണകൂടത്തിന്റെ പുതിയ ഒരു പഞ്ചാംഗം, കാലഗണന, അവിടെ ആരംഭിക്കുകയാണെന്നും ഒരു പുത്തൻ ചരിത്രത്തിന് താൻ ആരംഭം കുറിയ്ക്കുകയാണെന്നും ഒക്കെയുള്ള സൂചനകൾ നൽകാനാവാം ചക്രവർത്തി ആ സാഹസം ചെയ്തത്. മതിൽ നിർമ്മാണമാവട്ടെ, സ്ഥലത്തെയും കാലത്തെയും വസ്തുക്കളെയും ആത്മാക്കളെയും ചരിത്രത്തെയും പകുക്കലും, ലോകത്തെ പുറത്തിട്ടടയ്ക്കലും ദേശീയ ആത്മത്തിലേക്ക് പിൻവലിയലും അടയലും. പുസ്തകം കത്തിക്കലും മതിൽ നിർമ്മാണവും പരസ്പരവിരുദ്ധമല്ല, ഭരണകൂടത്തിന്റെ വിഭജന ദർശനത്തിന്റെ, അധികാരോന്മാദത്തിന്റെ, പരസ്പരപൂരകമായ ഇരട്ടപ്രക്രിയകളാണ് എന്ന് ലോകചരിത്രം തെളിയിച്ചു. തെളിയിച്ച് കൊണ്ടിരിക്കുന്നു. ഭരണകൂടകലാകാരന്മാർ, മതിലിന്റെ ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങളും, മതിൽസ്തവങ്ങളും രചിക്കുമ്പോൾ മതിലുകളുടെ 'പുണ്യ പുരാതന-അധുനാതന മിത്തുകളെ' പൊളിച്ച് മതിൽ മറകൾക്കുള്ളിൽ അടക്കം ചെയ്യപ്പെട്ട, അനീതികളുടെ, പീഢനങ്ങളുടെ, നരബലികളുടെ, ക്രൂരതകളുടെ പാപചരിത്രം കുഴിച്ചെടുക്കുകയാണ് ഭരണകൂടത്തിന്റെ ജന്മാന്തരശത്രുവായ കവി. ഭർത്തൃഹതിയാൽ ദുഃഖിതയായി മതിലിൽ തലയറിഞ്ഞ് മരിച്ചുവീണ പെണ്ണിന്റെയും ആ ക്ഷോഭത്തിൽ തകർന്നലച്ചു വീണ മതിലിന്റെയും കഥ കെ. ജി. എസ്. ചികഞ്ഞെടുക്കുന്നു. മതിലിന്റെ സ്ഥൂലസൂക്ഷ്മസത്യങ്ങൾ അഴിച്ചെടുക്കുന്നു. വൻമതിൽ മാന്ത്രിക-ആഭിചാര-ചികിൽസാലയവും, ദേവാലയവും പീഢാലയവും പാപശാലയും ബലികടീരവുമാണെന്ന അപ്രിയസത്യങ്ങൾ കുഴിച്ചെടുക്കുന്നു.

'ചൈനക്കാർ ചൈനക്കാരെ നിർവ്വചിച്ചാൽ ഒരുടലിൽ പല പ്രായമുള്ള അവയവങ്ങളും മനസ്സുമുള്ള ഈ വന്മതിലാണവർ' എന്ന് യാത്രികനായ കവി. ചൈനക്കാരന്റെ സ്ഥൂല സൂക്ഷ്മ-ഉടമ്പുകൾ വന്മതിലാൽ പച്ച കുത്തപ്പെട്ടിരിക്കുന്നു എന്നതാണ് ചരിത്ര സത്യം. മതിൽ ചൈനക്കാരന്റെ മറയാണെന്ന് (വേദവും) കണ്ടെത്തുന്ന കെ. ജി. എസ്സ്., ടി. ആർ. വേണുഗോപാൽ വിശദമാക്കുന്ന പോലെ മതിൽ 'മറ'യുടെ നാനാർത്ഥങ്ങളെ വിദഗ്ധമായി അനാവരണം ചെയ്യുകയാണ്.

അധികാരത്തിന്റെ ആജ്ഞാവാക്യങ്ങളാണ്, 'മറ'മൊഴികളാണ് മതിലിന്റെ ഭാഷ. 'മതിൽക്കെട്ട് കൺകെട്ടാ'ണ്. 'വിലങ്ങി നിൽക്കലും വിലക്ക് കല്പിക്കലുമാണ്'. 'മറയ്ക്കാനുള്ള പറയലാണ്'. നുണമൊഴിയാണ്. 'പകുക്കൽ, മറയ്ക്കൽ, അകറ്റൽ, എന്നിങ്ങനെ ആവിഷ്കാര നിരോധനത്തിന്റെ വാസ്തുവിദ്യയാണ്'. അകത്തും പുറത്തുമുള്ള അനവധിമതിലുകളെ ദൃശ്യവേദ്യമാക്കുന്നു തുടർന്നങ്ങോട്ട് ലേഖകൻ. 'ഒരു മതിലിൽ നിന്ന് മറ്റൊരുമതിലിലേയ്ക്കുള്ള വഴിയായി ലോകം ചുരുങ്ങുന്ന' എന്ന് അയാൾ കാതരനാവുന്നു. മതിലുകളുടെ മഹാസമുച്ചയങ്ങളാൽ ലോകമെങ്ങും നാം വളയപ്പെട്ടിരിക്കുന്നു എന്ന് വെളികൊള്ളുന്നു. 'വിലക്കപ്പെട്ട നഗരത്തിന്റെ മതിലിലെ മാവോ ഫോട്ടോ പോലെ' മതിലായ മതിൽ നിറയെ, 'കാണിക്കുന്നതിനേക്കാളേറെ മറയ്ക്കുന്ന ഫോട്ടോമഴകൾ, ബിംബമഴകൾ' പിടിച്ചെടുക്കുന്ന കെ. ജി. എസ്സിന്റെ സത്യദർശിനി.

ഇന്ന് മനുഷ്യാസ്ഥിത്വത്തെ, ചരിത്ര സത്യത്തെ, നിർവ്വചിക്കുന്നത് മതിലുകളാണെന്ന് വന്മതിലിന്റെ സവിധത്തിൽ നിന്ന് കൊണ്ട് കവി ജ്ഞാനപ്പെടുന്നു. അങ്ങ് ദൂരെ തെന്നിന്ത്യയിലെ (ആര്യാവർത്തത്തിലെയും) അയിത്ത മതിലുകൾ, ഉപജാതി മതിലുകൾ, ഫ്യൂഡൽ ക്ലാസ്സിക്ക് മതിലുകൾ, ഇന്ത്യയിലെങ്ങും പടർന്ന് പന്തലിക്കുന്ന വർഗ്ഗീയ മതിലുകൾ, അനീതിയുടെ നെടുംകോട്ടകൾ, ചൈനയിൽ ഇന്ന് കൊടികുത്തിവാഴുന്ന പാർട്ടി സ്വേചാധിപത്യത്തിന്റെ പുതിയ വൻമതിൽ. 'ലോകത്തെവിടെയും ഉണ്ട് ആരും ഇന്നേവരെമുഴുവനും കാണാത്ത ഒരു വന്മതിൽ' എന്ന ചരിത്രസത്യോദയം. മതിലിന്റെ വിരാഡ്പ്രദർശനം.

വന്മതിലിന്റെ കൽപ്പടവുകൾ കയറുമ്പോൾ ആ 'ഭീമാകാരത്തിന്റെ സാന്നിദ്ധ്യഗരിമ' അറിഞ്ഞുകൊണ്ട് അതിന്റെ നെറുകയിൽ കാൽ കുത്തുമ്പോൾ നിരവധി ബോധോദയങ്ങളുടെ മിന്നൽപ്പിണരുകൾ യാത്രികനെ പ്രബുദ്ധനാക്കുന്നുണ്ട്. 'കൽത്തുണ്ടുകൾക്ക് ചുറ്റും വിടവുകളും വിടവു പടർന്നുണ്ടായ വിള്ളലുകളും' അയാൾ കാണുന്നു. 'വിള്ളലിൽ ഉറുമ്പ്, വെള്ളക്കുറ, വണ്ട്, ഗൌളീഗണങ്ങൾ, വരിവരിയായി ദീർഘയാത്രയിലേർപ്പെട്ട ചെറു പ്രാണികൾ, കരിമൗനികൾ, കണ്ണീച്ചയുടെ കുഞ്ഞിച്ചിറകുള്ള കുറുമ്പറവകൾ'—ഇവരെല്ലാം ഒരു മഹാപ്രക്രിയയിലാണ്: വന്മതിലിന്റെ ജൈവമായ അപനിർമ്മാണപ്രക്രിയ. 'മലയും കാടും വന്യതയും ഇണക്കിക്കൊണ്ട്, ഭരണകൂടത്തിന്റെ അജയ്യപ്രതീകമായ വൻ മതിലിനെ 'പ്രകൃതിയുടെ ജൈവവൈവിദ്ധ്യത്തിൽ അവർ ഉൾച്ചേർക്കുകയാണ്'. വന്മതിൽ പ്രകൃതിയെ, ഭൂമിയെ, സ്ഥലത്തെ കാലത്തെ മനുഷ്യരെ വിഭജിച്ചു കീഴടക്കിയെങ്കിൽ മൂല പ്രകൃതി ഈ മനുഷ്യനിർമ്മിതിയെ വിനിർമ്മിക്കുകയാണ്, അഴിക്കുകയാണ്, പ്രകൃതിയുമായി കൂട്ടിയിണക്കുകയാണ് എന്ന് കെ. ജി. എസ്. വലുതിനെ ചെറുത് അപനിർമ്മിക്കുകയാണ് ഇവിടെ. 'വലുത് കേമമെന്ന കാഴ്ചത്തെറ്റിനെ' പൊളിച്ച് 'ചെറുത് സത്യം സുന്ദരമെന്ന ഷൂമാക്കറിന്റെ ബുദ്ധപ്രബുദ്ധതയിലേക്ക്. മതിലിനെ മാത്രമല്ല മാനുഷികമായ മുൻധാരണകളെയും ഗർവ്വിനെയും ഈ ചെറുജീവിവർഗ്ഗങ്ങൾ അപനിർമ്മിക്കുകയാണ്, യാത്രികമനസ്സിനെ അപമാനവീകരിക്കുകയാണ്. 'ജൈവനീതിസ്ഫുരണം പോലൊരു വിവേകദ്യുതി അവരിൽ ജ്ഞാന/സംസ്കാരവ്യവസ്ഥയായി' മിന്നുന്ന എന്ന ജ്ഞാനോദയത്തിലേക്ക്. വന്മതിൽ ഈ ചെറുപ്രാണികൾക്ക് ഭരണകൂട മനുഷ്യർക്കെന്ന പോലെ 'യുദ്ധസാമഗ്രിയല്ല, പ്രതിരോധദുർഗ്ഗമല്ല കുട്ടക്കല്ലറയല്ല'. മറിച്ച്, 'കോടാനുകുടി ജീവികൾ വസിക്കുന്ന പ്രകൃതി എന്ന കൂട്ടുകുടുംബമാണ്'. അളവുകൾക്കതീതവും ലോകാന്തരവ്യാപ്തവും ഭരണകൂടേതരവുമായ ഒരു ബദൽ വാസ്തു തത്വത്തിന്റെ സ്വപ്നോദയം അവിടെ സംഭവിക്കുകയാണ്. 'ജീവന്റെ ഭാവിവസതിയ്ക്കുള്ള' ഒരു നവവാസ്തു ഗണനത്തെ, സർവ്വജീവികളും പഞ്ച മൂലകങ്ങളും കൂട്ടുകുടുംബമെന്ന പോലെ സഹവസിക്കുന്ന, പ്രകൃതിയുടെ ഊർജ്ജപ്രവാഹങ്ങളെ ഇണക്കുന്ന (താവോയിസ്റ്റ് വാസ്തു വിദ്യയായ) ഫെങ്ഷൂയിയുടെ ഒരു നവസന്നിവേശത്തെ ആവശ്യപ്പെടുകയാണ് ഈ പ്രബുദ്ധനേരങ്ങൾ. 'ജീവന്റെ ഭാവിവസതിയ്ക്ക് ഞാനിനി പുതിയ വാസ്തു ഗണിക്കണം. പുതിയ ഫെങ് ഷൂയി' എന്ന് കവി. ഒരു പുത്തൻ പ്രതീക്ഷോദയം കൂടിയാണത്: 'ഏത് അജൈവത്തെയും ശുദ്ധീകരിച്ച്, പാപമോചനം നൽകി, പ്രകൃതി ഒരു നാൾ ജൈവമാക്കുമെന്നും പ്രകൃതി സ്വയം രക്ഷിക്കുമെന്നും' ഉള്ള പ്രതീക്ഷ.

പ്രതീക്ഷകൾക്കൊന്നും താത്വികമായ പിൻബലമില്ല എന്ന് കവിയ്ക്കറിയാം. അസാദ്ധ്യത്തിന്റെ ചിന്തയും പ്രയോഗവുമാണ് പ്രതീക്ഷ എന്ന്. പ്രതീക്ഷ ഒരു തരം പന്തയം എന്ന്. ലൂഷൻനെ മനസാ സ്മരിക്കുമ്പോൾ പ്രയോഗവും പ്രതീക്ഷയും തമ്മിലുള്ള അദ്വൈതത്തിന്റെ പൊരുൾവഴി തെളിയുന്നു: 'ഞാൻ ലൂഷനെ ഓർത്തു: പ്രതീക്ഷ ഒരു മലയോര വഴി. ആദിയിൽ വഴികളില്ലായിരുന്നു; പ്രതീക്ഷയും. ഒരേ ദിശയിലേക്ക് ജീവികളോ മനുഷ്യരോ നടന്ന് നടന്ന് വഴികളുണ്ടായി; പ്രതീക്ഷയും'.

വന്മതിലിന്റെ ഗണിതവിദ്യയെ ആത്യന്തികമായും തിരസ്കരിക്കുകയാണ് കെ. ജി. എസ്.: 'വന്മതിലിന്റെ ഗണിതം ഉയരത്തിന്റേതല്ല. നീളത്തിന്റെയും പഴക്കത്തിന്റെയും. വിജയവും കീർത്തിയും പിന്നിൽ മുട്ടുന്ന പീഡാനുഭവത്തിലെ ദുരന്തത്തിന്റെ ഗണിതം'. ഭരണകൂടത്തിന്റെ യൂക്ലീഡിയൻ ഗണിതത്തെ തിരസ്കരിച്ച് കൊണ്ട് മറ്റൊരു ഗണിതത്തെ, ഉയരത്തെ, അളവില്ലാത്തതിനെ ലോകാന്തരവ്യാപ്തങ്ങളെ, അളക്കാനാവുന്ന മറ്റൊരു വാസ്തുഗണനാസങ്കല്പത്തെ അന്തരാവരിക്കുന്നു അദ്ദേഹം.

ഭരണകൂടകലയുടെ നിതാന്ത ശത്രുവായ ലൂഷൻ ആവും ഒരു പക്ഷേ, വന്മതിലിനെ ആദ്യമായി അപനിർമ്മിക്കുന്ന ചൈനീസ് സാഹിത്യകാരൻ. ആ മഹാസാഹിത്യകാരന്റെ മതിൽ വിമർശനങ്ങളെ സമാഹരിച്ച് കൊണ്ട് വന്മതിലിനെതിരെ ശരം തൊടുക്കുകയാണ് തുടർന്നങ്ങോട്ട് യാത്രികന്റെ കുറിപ്പുകൾ. വൻമതിലിന്റെ നിർമ്മിതിക്ക് പിന്നിൽ നടന്ന മനുഷ്യ ഹോമങ്ങളെ അനുസ്മരിച്ച് കൊണ്ട് ലൂഷൻ പറയുന്നു: വ്യക്തിപരമായി എന്റെ അനുഭവം അതെന്നെ സദാവലയം ചെയ്യുന്ന, ബന്ധിയാക്കുന്ന എന്നാണ്. സൺയാത്-സെന്നിന്റെ കാലത്ത് വന്മതിലിനെ ദേശഭക്തിപ്രതീകമാക്കാനുള്ള ശ്രമത്തിനെതിരെ ലൂഷൻ ആഞ്ഞടിച്ചു. 'പഴയ വിജ്ഞാനങ്ങൾ ഏകാധിപത്യത്തിനു കാവലും ജനങ്ങൾക്ക് തടവറയുമായി വർത്തിക്കുന്നു എന്ന് വന്മതിലിനെ പരാമർശിച്ച് കൊണ്ട് അദ്ദേഹം പ്രസ്താവിച്ചു. വന്മതിലിന്റെ മഹത്വത്തെ വിമർശിച്ച ലൂഷൻ 'മഹാമതിലിനെ' 'നീണ്ട മതിൽ' എന്ന് വിനിർമ്മിച്ചു. ഫ്യൂഡൽ ക്ലാസ്സിക്കുകളുടെ ആഢ്യഭാഷയാണ് വന്മതിലിന്റെയും ഭാഷ എന്നും, സ്വന്തം അനുഭവയാഥാർഥ്യത്തിലെത്തുന്നതിനു ജനങ്ങളെ തടയുന്ന ദുർഗ്ഗമാണ് ഈ മതിൽഭാഷയെന്നും ലൂഷൻ വിമർശിച്ചു.

ഭരണകൂട-ടൂറിസ്റ്റ-സാഹിത്യങ്ങൾ പടച്ചു വിടുന്ന മതിൽ സ്തുതികളെയെല്ലാം തന്നെ ലൂഷന്റെയും, ബ്രെഹ്തിന്റെയും ഗൊദാർദ്ദിന്റെയും ആയ് വേയി വേയിയുടെയും കലത്തിൽപ്പെട്ട കെ. ജി. എസ്. എന്ന കവി നിരാകരിക്കുന്നു. വന്മതിലിനെ ചുറ്റിപ്പറ്റിയുള്ള പ്രതിരോധത്തിന്റെയും ധാർമ്മികതയുടെയും പരിവേഷങ്ങൾ, അതിന്റെ 'പവിത്രമൂല്യങ്ങൾ' എല്ലാം തന്നെ വിചാരണാവിധേയമാകുന്നു.

മദ്ധ്യേഷ്യയിലെ ദേശാന്തരചാരികളെ (nomads) കൊള്ളക്കാരായും, ആക്രമണകാരികളായും ചിത്രീകരിക്കുന്ന ഭരണകൂട ചരിത്രരചനകളെ തള്ളിക്കളഞ്ഞുകൊണ്ട് ദെല്യൂസും ഗ്വത്താരിയും നോമാഡുകളുടെ വീക്ഷണകോടിയിൽ നിന്ന് കൊണ്ട് മറ്റൊരു ചരിത്രം രചിക്കുന്നുണ്ട് (A Thousand Plateaus). ഈ അതിചരിത്രത്തിൽ ഭരണകൂട സമൂഹങ്ങളാണ് ആക്രമകാരികളെന്നും അവരുടെ ആക്രമണങ്ങളെ ചെറുത്തു നിൽക്കുവാനുള്ള പ്രത്യാക്രമണങ്ങളായിരുന്നു ചെങ്കിസ്ഖാനെപ്പോലുള്ളവർ നടത്തിയതെന്നും കണ്ടെത്തുന്നു. ഭരണകൂടത്തെ ചെറുക്കുവാനുള്ള വിപ്ലവകരമായ ശ്രമത്തിന്റെ ഭാഗമായാണ് നോമാഡുകൾ യുദ്ധവും യുദ്ധയന്ത്രങ്ങളും കണ്ടുപിടിക്കുന്നതെന്നും അവർ രേഖപ്പെടുത്തുന്നു. ഭരണകൂട സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം നോമാഡുകൾ അക്രമാത്മകവും ഭയാനകവുമായ പുറം ലോകത്തെ പ്രതിനിധാനം ചെയ്തുവെങ്കിൽ നോമാഡുകളുടെ കാഴ്ചപ്പാടിൽ ഭരണകൂടമാണ് 'പുറ'ത്തെ നിർവ്വചിച്ചിരുന്നത്. പുറം ലോകത്തെ പ്രതിരോധിച്ച് കൊണ്ട് ഭരണകൂടങ്ങൾ ദേശീയമായ ആന്തരികതകൾ സൃഷ്ടിച്ചത് ഇത്തരം വന്മതിലുകളിലൂടെയാണ്. ഭരണകൂട സമൂഹങ്ങളുടെ നാർസിസത്തെയും ഡെലിറിയത്തെയുമാണ് വന്മതിലുകൾ പ്രതിനിധീകരിയ്ക്കുന്നതെന്ന് വിശ്വോത്തരമതിൽപ്പൊളിക്കാരായ ദെല്യൂസും ഗ്വത്താരിയും 'ആയിരം പീഠഭൂമിക'ളിൽ വെളിപ്പെടുത്തുന്നത് ഇവിടെ പ്രസക്തമാവുന്നു.

മതിലുകൾ അകത്തും പുറത്തും മഹാമാരിപോലെ പെരുകിപ്പരക്കുന്ന ഒരു കാലത്ത് ചൈനീസ് വന്മതിലിന്റെ മേലാപ്പിൽ നിന്ന് കൊണ്ട് തുറസ്സിന്റെയും ഒഴുക്കിന്റെയും അടങ്ങാത്ത നീതിയുടെയും കവിയായ കെ. ജി. എസ്സും ചെയ്യുന്നതിതാണ്: ഭരണകൂടത്തിന്റെ വാസ്തുകലയായ മതിലിന്റെ രാഷ്ട്രീയത്തെയും ലാവണ്യകത്തെയും യുദ്ധശാസ്ത്രത്തെയും തകർക്കൽ, എല്ലാ മതിലുകളും പൊളിക്കൽ.

**ടി. ആർ. വേണുഗോപാലൻ:** കെ. ജി. എസ്സിന്റെ വൻമതിൽ ആഖ്യാനത്തിന് പുതുവായന നടത്തുകയാണ് കെ. വിനോദ് ചന്ദ്രന്റെ നീണ്ട കുറിപ്പ്. കാഫ്കയുടെ 'ദ ചൈനീസ് വാൾ' അദ്ദേഹം വിദഗ്ദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. അതിൽ രസകരമായ ഒരു വിവരണം വൻ മതിൽ നിർമ്മാണത്തിനു തുടക്കം കുറിച്ച ചിങ്ങ് ചക്രവർത്തി ഷി ഹ്വാങ് ചി ചൈനയിലെ എല്ലാ ഗ്രന്ഥാലയങ്ങളും ചുട്ടെരിച്ചതു സംബന്ധിച്ചുള്ളതാണ്. ഈ പ്രവർത്തിയിലൂടെ ചൈനയുടെ അതുവരേയുള്ള ചരിത്രമാണ് മായ്ക്കപ്പെട്ടതെന്നും ഒരു പുത്തൻ ചരിത്രത്തിന് തുടക്കം കുറിച്ചുവെന്ന് വരുത്തിതീർക്കാൻ അവർ ശ്രമിച്ചതായിരിക്കാമെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ഒരു ജ്ഞാനിമെന്ന നിലയിൽ ചരിത്രത്തിന് ഇത്തരം വെല്ലുവിളികൾ എക്കാലത്തുമുണ്ടായിട്ടുണ്ട്. സമകാലിക ഇന്ത്യയിൽ ഇത്തരം മായ്ക്കലുകൾക്ക് ഒരുതരം അക്രമോത്സുകത കൈവന്നിരിക്കുന്നു: ഹിറ്റ്ലറുടെ കാലത്തെ ജെർമ്മനി പോലെ.

അതുപോലെത്തന്നെ, മതിലിന്റെ അകം/പുറം തിരിക്കലും പരിപ്രേക്ഷ്യപരമായ പ്രശ്നമാണെന്ന് മംഗോൾ നൊമാഡുകളുടെ മതിൽക്കാഴ്ചയെ ഉദാഹരിച്ചുകൊണ്ട് വിനോദ് വ്യക്തമാക്കുന്നു. ഉടലുകളില്ലാത്ത മതിലുകളെക്കുറിച്ച് കെ. ജി. എസ്. തന്നെ പ്രതിപാദിക്കുന്നുണ്ടല്ലോ. അയിത്ത മതിലുകൾ, ജാതി മതിലുകൾ, പാർട്ടി മതിലുകൾ, വർഗ്ഗീയ മതിലുകൾ, വംശീയ മതിലുകൾ, വർണ്ണ മതിലുകൾ ഇങ്ങനെ പോകുന്നു മതിലിന്റെ ഇതിവൃത്ത സാദ്ധ്യതകൾ.

## എസ്. ഗോപാലകൃഷ്ണൻ—ഇ. പി. ഉണ്ണി: കാർട്ടൂണും സ്ഥല-കാലവും ഓ വി വിജയനിൽ

**കരുണാകരൻ:** ഒ. വി. വിജയന്റെ കാർട്ടൂൺ കലയെക്കുറിച്ച് ഇ. പി. ഉണ്ണിയുമായുള്ള എസ്. ഗോപാലകൃഷണന്റെ സംഭാഷണം ഹൃദ്യമായി, ഒരു 'കൂട്ടം കൂടൽ' ഇതിലുമുണ്ടായിരുന്നു. വിജയന്റെ വരയുടെ കലയെക്കുറിച്ചുള്ള ചോദ്യവും അതിനുള്ള ഉത്തരവും വിശേഷിച്ചും ഇഷ്ടപ്പെട്ടു: രൂപങ്ങൾക്ക് പുറത്ത് അഴിയുന്ന കറുപ്പ്, ചിത്രമാവാനുള്ള ആഗ്രഹത്തോടെ നിൽക്കുന്നു എന്ന് തോന്നുന്ന അത്രയും സ്ഥലം, വിജയന്റെ വരയുടെ ചന്തം, 'സമയം കഴിഞ്ഞും' കാണുമ്പോഴുമുണ്ട്.

താൻ മൂന്നാം ലോകത്തിന്റെ വരക്കാരൻ എന്ന വിജയന്റെ കണ്ടെത്തലിനെ ഉണ്ണി നേരിട്ടത് രസകരമായാണ്; പക്ഷേ, അത് 'മിസ്' ചെയ്യുന്നത് വിജയന്റെ കലാവീക്ഷണം ആണ് എന്ന് തോന്നുന്നു. ഒരു മൂന്നാംലോക കലാകാരൻ/എഴുത്തുകാരൻ എന്ന് വിജയൻ തന്നെത്തന്നെ കണ്ടെത്തുന്നത് കലയുടെ ഭാഗത്ത് നിന്ന് എന്നതിനേക്കാൾ തന്റെ സകല ആശയങ്ങളുടെയും ഇന്ധനം എന്ന നിലയ്ക്കാണ്: ഒരിക്കൽ പാശ്ചാത്യ (വെള്ളക്കാരന്റെ) കോളനിയായിരുന്ന, അതിന്റെ സ്മരണയുള്ള ഒരു സംസ്കാരം, ഇതായിരുന്നു വിജയന് നേരിടേണ്ടി വന്നത്. അതിനെ വിജയൻ നേരിട്ടതോ, ഒട്ടും ഗ്രേ ഏരിയ ഇല്ലാതെ ബ്ലാക്ക് & വൈറ്റ് രീതിയിലും. ഇതിലെ ബലവും ക്ഷീണവും വിജയന്റെ ആശയങ്ങളെയോ തർക്കങ്ങളെയോ പരിമിതപ്പെടുത്തിയോ എന്നത് ചർച്ച ചെയ്യാം, എന്നാൽ, അവയിലൊക്കെ വിപുലമായ അർത്ഥത്തിൽ പ്രകടിപ്പിക്കപ്പെട്ട സ്വാതന്ത്ര്യബോധം, വാസ്തവത്തിൽ, അക്കാലത്തെ 'മൂന്നാംലോക വാസി'കളിൽ അപൂർവ്വമായിരുന്നു.

വിജയന്റെ കാർട്ടൂണുകൾ ഈ കാഴ്ച്ചപ്പാടിനെ പലപ്പോഴും വിഷയമാക്കി, ലേഖനങ്ങൾ പ്രകടമായും വന്നു, സി. വി. അനുസ്മരണ പ്രഭാഷണത്തിലൊക്കെ വന്നതുപോലെ. എന്നാൽ 'ധർമ്മപുരാണ'ത്തിൽ എത്തുമ്പോൾ കലി ബാധിച്ചപോലെയുമായി: നില തെറ്റിയും ദിശ തെറ്റിയും പലപ്പോഴും വിഫലമായും. ഒരു പക്ഷേ, ആ കഥയുടെ കലയും വിജയൻ അങ്ങനെയായിരിക്കും കണ്ടതും... തീർച്ചയില്ല.

## കല്പറ്റ നാരായണൻ: സ്ത്രീയില്ലാത്ത മാതൃഭൂമി

**ടി. ആർ. വേണുഗോപാലൻ:** പരശുരാമനും ബാലാമണി അമ്മയും.

ശ്രീമതി ബാലാമണി അമ്മയുടെ 'മഴവിന്റെ കഥ' എന്ന കവിതയെ മുൻ നിർത്തിയുള്ള ചിന്തയാണ് കൽപ്പറ്റ നാരായണന്റെ 'സ്ത്രീയില്ലാത്ത ഭൂമി'. ഹൃദ്യമായഭാഷ. കവിയുടെ സാംസ്കാരിക വിമർശം. അദൃശ്യരാക്കപ്പെടാൻ നിർബന്ധിതരായ സ്ത്രീമനസ്സുകളുടെ ദൃശ്യരാവാനുള്ള ത്വര തിരിച്ചറിയുന്നത്. സ്ത്രീയുടെ അസാന്നിദ്ധ്യത്തെപറ്റി കല്പറ്റ: 'അലംകൃതങ്ങളായ സ്ത്രീശരീരങ്ങൾ ഇവിടെ പുരുഷനുണ്ട് എന്നല്ലാതെ സ്ത്രീയുണ്ട് എന്നല്ലല്ലോ വിളിച്ച പറയുന്നത്.' ഈ ലേഖനത്തിന്റെ പേരുതന്നെ മനീഷ് ഝായുടെ 'മാതൃഭൂമി—എ നേഷൻ വിത്തൌട്ട് വുമൻ' എന്ന സിനിമയുടെ ഊർജ്ജം ഉൾക്കൊണ്ടതാണ്. പുരുഷകാമനകളെ തൃപ്തിപ്പെടുത്താനുള്ള ഒരു അലംകൃത ശരീരമായി സ്ത്രീസ്വത്വത്തെ ലേഖകൻ തിരിച്ചറിയുന്നു. സ്ത്രീയുടെ ഉണ്മ ശരീരത്തിന്റെ ഉണ്മയാണെന്നു ധരിച്ചതാണ് ഈഡിപ്പസിനു പറ്റിയ അപരിഹാര്യമായ പിഴവ്. കേരളീയരും അത്തരമൊരു ശാപഫലം അനുഭവിക്കുന്നുണ്ടെന്ന് ബാലാമണി അമ്മയുടെ 'മഴവിന്റെ കഥ' സാക്ഷ്യപ്പെടുത്തുന്നുവെന്ന് ലേഖകൻ. പരശുരാമമഴ എന്ന ഹിംസാ 'മുദ്ര' ഓരോ മനസ്സിലും ഞെരിഞ്ഞമരുന്നുണ്ട്. സ്വന്തം സ്ത്രീസ്വത്വപ്രകാശത്തിൽ പരശുരാമകഥയുടെ പൊരുളന്വേഷിക്കുന്നു ബാലാമണി അമ്മ. ഫലം: സ്വാഗതാഖ്യാനത്തിലൂടെ പരശുരാമന്റെ ആത്മ വിചാരണ, ആത്മനിഷേധത്തോളം കവിതയിൽ നിശിതമാവുന്നു. സമൂഹത്തെ ഇപ്പോഴും നിയന്ത്രിക്കുന്ന ഹിംസാത്മക പുരുഷ ലൈംഗികതയുടെ പ്രതീകമാണ് കവിതയിലെ മഴു.

ഇതിനപ്പുറത്തേക്ക് പരശുരാമനെ കവി കൊണ്ടുപോകുന്നില്ല. 'മിത്തോളജിയെ ഭാവനയോടെ വായിച്ചാൽ നമ്മളിലൊക്കെ കൈകാലുകളുള്ള പരശുരാമൻ. നമ്മൾ കരൾ തോറും മുദ്രകളുള്ള പരശുരാമന്മാർ.' എന്നാണ് നാരായണന്റെ നിരീക്ഷണം.

പരശുരാമ പുരാവൃത്തം ബ്രാഹ്മണിക്കലായ ഒരു സ്വത്വനിർമ്മിതിയെ നമ്മുടെ തനതു സംസ്കൃതിക്കുമേൽ 'മഴുവെറിഞ്ഞ്' വ്രണപ്പെടുത്തിയ ഒരു അധീശവ്യവസ്ഥയുടെ വിജയമാണ് കൊണ്ടാടുന്നത്. അത് മനുഷ്യത്വവിരുദ്ധവും, നീതിവിരുദ്ധവും അങ്ങേയറ്റം സ്ത്രീവിരുദ്ധവുമാണ്. ഒരു സംസ്കൃത സമൂഹവും അംഗീകരിക്കാത്ത—ലോകം ഇന്നോളം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും നിന്ദ്യമായ ജാതി വ്യവസ്ഥയും മറ്റനവധി അനാചാരങ്ങളും അനീതികളും നമ്മളേറ്റെടുത്ത് ആഘോഷിക്കുന്നതെന്തിനെന്നു മനസ്സിലാകുന്നില്ല. അതും ബ്രാഹ്മണിക്കൽ സ്വത്വബോധത്തിലധിഷ്ഠിതമായ ഭരണകൂടം നമ്മെ സവർണരെന്നും അവർണരെന്നും ഹിന്ദുവെന്നും ഇസ്ലാമെന്നും വിഭജന ഉപകരണങ്ങൾക്ക് മൂർച്ചകൂട്ടുന്ന, ഈ കെട്ടകാലത്ത്.

'ബാലാമണി അമ്മയുടെ കാവ്യങ്ങൾ പരശുരാമൻ നിശ്ശബ്ദമാക്കി' എന്നു പറയാമോ? അത്തരത്തിലൊരു പരശുരാമബാധ അവരുടെ കവിതയുടെ പൊതു സ്വഭാവമായി ചുരുക്കാൻ കഴിയുമോ? കാരണം, അവരുടെ പല കവിതകളും മാനവികതയുടെയും നീതി ബോധത്തിന്റേയും ബഹിർസ്ഫുരണങ്ങളാണ്. സ്വാതന്ത്ര്യദാഹവും അനുതാപവും ആ കവിതകളിലെ ആഗ്നേയ/ആർദ്രാനുഭൂതികൾ. 'വിട്ടയയ്ക്കുക കൂട്ടിൽ നിന്നെന്നെ ഞാനൊട്ടുവാനിൽ പറന്നു നടക്കട്ടെ.' അതുപോലെ തന്നെ മറ്റുള്ളവരുടെ വേദന അവർ സ്വന്തം വേദനയായി കണ്ടു:

'ഏതുകല്ലെങ്ങോട്ടെറിഞ്ഞതു
മെങ്കൽത്താൻ തുള
ച്ചേറിമാലിന്യങ്ങളെക്കഴുകും
നിണം ചോർന്നു.'

(വിശ്വഹൃദയം).

അതുപോലെ,

'ആരുടെകാലിൽ തറക്കുന്ന മുള്ളുമെ
ന്നാത്മാവിനെ കുത്തി നോവിക്കും.'

(യാത്രയിൽ )

'യയാതി'യിലും ഇതു കാണാം.

'ആയിരം കണ്ണുതുടയ്ക്കുവാനുഴറുവോ
ർക്കാദിയെക്കാറില്ലുയർച്ച താഴ്ചകൾ'

ശ്രീ. നാരായണൻ പറയുന്നതുപോലെ 'മാതൃത്വത്തിന്റെ അകളങ്കപ്പൂക്കൾ മാത്രം വിരിയിച്ച മുള്ളില്ലാത്ത ഒരു പനിനീർച്ചെടിയാക്കി അവരെ മലയാളി' ലഘൂകരിച്ചുവോ? കാവ്യചർച്ചകളിൽ അവർ അദൃശ്യയാക്കപ്പെട്ടോ? ബാലമണിയമ്മ, കവിത എഴുതിയപ്പോഴെല്ലാം അത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒന്നാം പേജിലേ വന്നിരുന്നുള്ളൂ. കാവ്യചർച്ചകളിലെ കാര്യം ഈ ലേഖകനു പരിചയമില്ല. എന്നാൽ, ബാലാമണിയമ്മയെക്കുറിച്ച് ഒട്ടനവധി ഗഹന പഠനങ്ങൾ കാലാകാലങ്ങളിൽ നടന്നിട്ടുണ്ട്. ലീലാവതി ടീച്ചർ നടത്തിയ വിസ്തൃത പഠനം, കവികളായ അയ്യപ്പപണിക്കരും സച്ചിദാനന്ദനും ചരിത്രകാരൻ എം. ജി. എസ്സും ഉൾപ്പെടെ അനവധി പേരുടെ അഗാധ പഠനങ്ങൾ മറന്നു കൂടാ. അയ്യപ്പപണിക്കരുടെ 'ദ ത്രീ വേൾഡ്സ് ഓഫ് ബാലാമണി അമ്മാസ് പോയട്രി' പോലെ പല സൂക്ഷ്മ പഠനങ്ങൾ ഇംഗ്ലീഷിലും കണ്ടിട്ടുണ്ട്. സാരം: മലയാളി സമൂഹം എന്നെന്നേ മഹിമ തിരിച്ചറിഞ്ഞ കവിതയാണ് ബാലാമണിയമ്മക്കവിത. എല്ലാ ബഹുമതികളും—പദ്മഭൂഷൺ, എഴുത്തച്ഛൻ പുരസ്കാരം, സാഹിത്യ അക്കാദമി പുരസ്കാരം, സരസ്വതിസമ്മാൻ... ബാലാമണിയമ്മയെ ആദരിച്ചിട്ടേയുള്ളൂ മലയാളം.

**കെ. വി. രജീഷ്:** 'സ്ത്രീയില്ലാത്ത മാതൃഭൂമി'യിലെ സിൽവിയാ പ്ലാത്തിന്റെ പദ്യശകലപ്പരിഭാഷ ഏതു വഴി ചൂണ്ടുന്നുവെന്ന് സംശയം. Daddy, I'm finally through എന്നെഴുതിയത് I'm done with you—തന്തയുമായുള്ള സർവ്വബന്ധങ്ങളും (ബന്ധനങ്ങളും) തീർന്നു—എന്ന അർത്ഥത്തിലല്ലേയെന്നും.

**ഇ. കൃഷ്ണൻ:** ശരിയാണ്. തെറ്റുപറ്റിയത് കല്പറ്റയ്ക്കു തന്നെ.

## വി. കെ. കെ. രമേഷ്: ഗാന്ധിവക്കീൽ

**ജയപ്രകാശ്:** ഗാന്ധി വക്കീൽ കഥ രസം, ചിന്തനീയം. വി. കെ. കെ. അങ്ങനെയാണ്, പറയുന്ന സന്ദർഭങ്ങളെ രസാനുഭൂതിയുടെ ചിറകിലേറ്റി കൊണ്ടുപോവും. കാലികമായ പലതിനേയും ചരിത്രപരമായ കാലത്തെ കൂട്ടിയിണക്കും. ശൈലിയിൽ ഒരു പിന്തുടർച്ച അവകാശവാദം ശ്ലാഘനീയമായ ദൗത്യം തന്നെ. തുടരൻ സാഹിത്യം വീണ്ടും ടിയാനിൽ നിന്ന് അനർഗളം ഒഴുകട്ടെ!

## സായാഹ്ന ഫൗണ്ടേഷൻ: എന്താണ് യുക്തിഭാഷ?

**നവാസ്:** കണക്കിൽ ഇങ്ങിനെയൊക്കെ പഠിച്ചിരുന്ന എങ്കിൽ തല കറങ്ങിപോയേനെ! പുതിയ അറിവ്— നന്ദി.

**കെ. എച്ച്. ഹുസൈൻ:** ‘യുക്തിഭാഷ’യുടെ ടൈപ്പ്സെറ്റുചെയ്ത കുറച്ചു പേജുകൾ ഒന്നൊന്നരവർഷം മുമ്പ് സിവിആർ കാണിച്ചുതരുമ്പോൾ അത്ഭുതത്തേക്കാളേറേ അവിശ്വസനീയതയായിരുന്നു. ഇങ്ങനെ ഒരു ഗണിതശാസ്ത്ര ഗ്രന്ഥം മലയാളത്തിലോ? ലീബ്നിസിനു മുമ്പ് അനന്തശ്രേണിയോ?

ഇത്രയൊക്കെ അഞ്ഞൂറുവർഷം മുമ്പുണ്ടാക്കിയ മലയാളി തന്നെയാണോ നമ്മുടെ കുട്ടികൾക്ക് നമ്മുടെ SCERT കണ്ടാൽ അറപ്പുളവാക്കുന്ന പത്തമ്പതുലക്ഷം ശാസ്ത്രപാഠപുസ്തകങ്ങൾ ചവറുപോലെ ഓരോ വർഷവും അച്ചടിച്ചു സമ്മാനിക്കുന്നത്? തെളിച്ചവും സ്പഷ്ടതയും സൗന്ദര്യവും (ശാസ്ത്രത്തിനു സൗന്ദര്യമോ!) തൊട്ടുതീണ്ടിയിട്ടില്ലാത്ത അതിലെ അക്ഷരങ്ങൾ, പടങ്ങൾ, സമവാക്യങ്ങൾ… എന്ത് ജ്യേഷ്ഠദേവൻ, എന്ത് മലയാളം!

x-നും y-യ്ക്കും ആൽഫയ്ക്കും ബീറ്റയ്ക്കും പകരമായി ലാറ്റെക്കിൽ ചരങ്ങൾ (variables) മലയാള അക്ഷരങ്ങളാക്കി മാറ്റിയതിന്റെ സങ്കീർണ്ണമായ സാങ്കേതികത സിവിആർ വിശദീകരിച്ചു കേട്ടപ്പോൾ മനസ്സാകെ സങ്കടമായി—അത്രയ്ക്കു കഷ്ടപ്പെട്ട് ഇന്ത്യയിലെ ഒരു ഭാഷയിലും ചെയ്യാൻ തുനിയാത്ത, കഴിയാത്ത സവിശേഷമായൊരു ലാറ്റെക് പ്രയോഗം ഇനിയൊരു മലയാള ഗണിതശാസ്ത്രഗ്രന്ഥത്തിനും ഉപകരിക്കില്ലല്ലോ എന്നോർത്ത്.

ഒരൊറ്റ ഗ്രന്ഥത്തിൽ മാത്രം തുടങ്ങുകയും ഒടുങ്ങുകയും ചെയ്ത ഈ അക്ഷരവിന്യാസം ചില പാഠങ്ങൾ മലയാളിയുടെ മുമ്പിൽ തുറന്നുവെക്കുന്നു. ‘നിരർത്ഥക’മായ ഈ ടൈപ്പ്സെറ്റിംഗിലൂടെ ആർജ്ജിച്ചെടുത്ത കരുത്തിലായിരിക്കും മലയാളം ആയിരം വർഷങ്ങളുടെ അനന്തശ്രേണിയിൽ ജീവിക്കാൻ പോകുന്നത്. തീർച്ച.

സുജിത്തും ശ്രീദേവിയും ബിനീതയും ഇതിന്റെ ഭാരവും പേറി റിവർവാലിയിലെ വരാന്തയിലൂടെ നടന്നുപോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. മാതൃഭാഷയുടെ ഏതൊരു ചരിത്ര പ്രക്രിയയിലാണ് നിങ്ങൾ പങ്കാളികളായത്!

**ടി. ആർ. വേണുഗോപാലൻ:** യുക്തിഭാഷയുടെ ലിപിവിന്യാസ ക്ലേശങ്ങൾ മനസ്സിലാക്കുന്നു. നല്ല എഴുത്ത്, ഹുസ്സൈൻ.

**Manoj:** Publishing ‘Yukthibhasha’ is a highly impressive work by Sayahna. salute to the volunteers, especially Sujith, Sreedevi and Binitha.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന പ്രവർത്തകർ:** യുക്തിഭാഷ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ച്വവടെ കാണിച്ചിരിക്കുന്ന കണ്ണിയിൽ ലഭ്യമാണ്: http://books.sayahna.org/ml/pdf/yukthibhasha.pdf

**സന്തോഷ്, എച്ച്. കെ.:** സായാഹ്നയുടെ പി ഡി എഫ് എഡിഷനുകളിൽ ഞാൻ നേരിടുന്ന ഒരു പ്രശ്നം ശ്രദ്ധയിൽ കൊണ്ടുവരട്ടെ. മലയാളം പി ഡി എഫുകൾ പൊതുവെ ലൈബ്രറി റഫറൻസ് മാനേജ്മെന്റ് സോഫ്റ്റ് വെയറുകൾക്ക് അനുഗുണമായല്ല ചെയ്യുന്നത്. ഇതേ പ്രശ്നം സായാഹ്ന പതിപ്പുകൾക്കും കാണുന്നു. സൊറ്റേറോ പോലുള്ള സോഫ്റ്റ്‌വെയറുകൾക്ക് ഒരു പി ഡി എഫ് ഫയലായല്ലാതെ പുസ്തകമായി ഐഡന്റിഫൈ ചെയ്യാനാവുന്നില്ല. എന്നുമാത്രമല്ല യാതൊരു മെറ്റാഡാറ്റയും റിട്രീവ് മെറ്റാഡാറ്റ ഫോർ പി ഡി എഫ് എന്ന ഫങ്ഷനിൽ യാതൊരു മെറ്റാഡാറ്റയും കണ്ടെടുക്കാനാവുന്നില്ല എന്ന എറർ മെസേജാണ് കാണിക്കുന്നത്. എന്നാൽ ഫയൽ ഡിസ്ക്രിപ്ഷനിൽ ഡീറ്റെയിൽസ് കൊടുത്തു കാണുന്നുമുണ്ട്. അറ്റാച്ച്മെന്റ് നോക്കുക.

എന്നാൽ സൊറ്റേറോയോ മെൻഡ് ലേയോ ഇത് വായിച്ചെടുക്കുന്നില്ല.

ഇനിയുള്ള കാലത്ത് പി ഡി എഫ് ബുക്കുകളിൽ റഫറൻസ് മാനേജ്മെന്റ് പ്രോഗ്രാമുകൾക്ക് വായിച്ചെടുക്കാവുന്ന മെറ്റാഡാറ്റ ഫയലിനൊപ്പം ഉണ്ടാവുക എന്നത് എന്തുമാത്രം പ്രധാനമാണെന്ന് അറിയാമല്ലോ…

മലയാളംഗ്രന്ഥങ്ങളുടെ മുഴുവൻ സൈറ്റേഷൻ സൂചിക നിശ്ചിത ഫോർമാറ്റിൽ യൂണികോഡിൽ ലഭ്യമാവേണ്ടത് മലയാള ഗവേഷണത്തിന് അത്യാവശ്യമാണ്.

പ്രസാധകർ ചിലർ ചെയ്യുന്നതുപോലെ ഇംഗ്ലീഷിൽ ലിപ്യന്തരണം ചെയ്തു കൊടുക്കുന്ന രീതി അവ സാനിപ്പിക്കേണ്ടിയിരിക്കുന്നു. സായാഹ്നയുടെ പി ഡി എഫുകളിൽ റഫറൻസ് മാനേജ്മെന്റ് സിസ്റ്റങ്ങൾക്ക് വായിച്ചെടുക്കാവുന്ന മെറ്റാഡാറ്റ ഉൾപെടുത്താൻ വേണ്ടതു ചെയ്യുമല്ലോ… സായാഹ്നപതിപ്പുകൾ ഭാവിയിലും പ്രയോജനപ്രദമാവട്ടെ.

**സി. വി. രാധാകൃഷ്ണൻ:** താങ്കൾ ഉദ്ദേശിക്കുന്നത് Dublin Core Metadata [1] ആണെന്നാണ് മനസ്സിലാക്കുന്നത്. ഇവിടെ അതിനു ആവശ്യക്കാരുണ്ട് എന്ന കാര്യം വളരെ സന്തോഷം തരുന്നു. സായാഹ്ന DCMI മെറ്റാഡാറ്റ ഇതുവരെ പിഡിഎഫുകളിൽ നിവേശിച്ചിട്ടില്ല. പക്ഷേ, സായാഹ്നയുടെ പിഡിഎഫ് നിർമ്മിതി സാങ്കേതികതയ്ക്കു വളരെ വേഗത്തിൽ ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണ്. നാലഞ്ചു ദിവസം അനുവദിക്കുക, ഒരു ചെറു ലൈബ്രറി ഇതിനുവേണ്ടി എഴുതേണ്ടതുണ്ട്. അതു പൂർത്തിയായിക്കഴിഞ്ഞാൽ എല്ലാ പിഡിഎഫുകളും താങ്കൾ ആവശ്യപ്പെടുന്ന തരത്തിലുള്ള മെറ്റാഡാറ്റ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വയായിരിക്കും.

---

1. https://www.dublincore.org/specifications/dublin-core/usageguide/.

(നവംബർ 8 മുതൽ 14 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---